പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1572 06.03.2020-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ കുറവ്

ചോദ്യം

ശ്രീ.സി. ദിവാകരൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ കുറവുമൂലം പ്രതിദിനം ശരാശരി എത്ര സർവ്വീസുകളാണ് റദ്ദാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ കുറവ് മൂലം താൽക്കാലികമായി സർവ്വീസുകൾ റദ്ദ് ചെയ്യിട്ടുണ്ട്. എന്നാൽ ഡ്രൈവർമാർ കൂടുതലുള്ള യൂണിറ്റുകളിൽ നിന്നും കുറവുള്ള യൂണിറ്റുകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റി നിയമിച്ച് സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇങ്ങനെ സർവ്വീസുകൾ റദ്ദാക്കുന്നത് മൂലം പ്രതിദിനം എത്ര നഷ്ടം ഉണ്ടാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സ്ഥിരമായി ഷെഡ്യൂളുകൾ റദ്ദ് ചെയ്യുന്നില്ല. ജീവനക്കാർ ലഭ്യമാകുമ്പോൾ യൂണിറ്റിൽ നിന്നും സർവ്വീസുകൾ അയയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ